MONDAY

20/04/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. K S** **Editor : Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/04/2026

1. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികളായ മുളക്, വെണ്ട. വഴുതന പാവയ്ക്ക. കുമ്പളം, പടവലം. പയർ. ചീര മത്തൻ എന്നിവയുടെ വിത്തുകളും ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, അയർ, പച്ചക്കറിയിലും നെല്ലിലും ഉപയോഗിക്കുന്ന സമ്പൂർണ്ണ. ട്രൈക്കോഡർമ സമ്പുഷ്ടികരിച്ച ചാണക വളം. ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ഠം. സമ്പുഷ്ടീകരിച്ച ചകിരിച്ചോറ് കമ്പോസ്റ്റ്, വെർമിക്കമ്പോസ്റ്റ്, പച്ചക്കറി തൈകൾ ആയ ക്യാബേജ് കോളിഫ്ലവർ ബ്രോക്കോളി, മുളക്, വഴുതന, തക്കാളി എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ഒരു ദിവസം പ്രായമായ നല്ലയിനം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. പൊതു ജനങ്ങൾക്കും. അംഗീകൃത എഗ്ഗർ നഴ്സറികൾക്കും മുൻകൂർ ബുക്കിംഗ് അടിസ്ഥാനത്തിൽ ലഭ്യത അനുസരിച്ച് എല്ലാ ചൊവ്വാഴ്ചകളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ ഫാമിലെ കൗണ്ടറിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വില്ക്കപ്പെടുന്നതാണ്. ബുക്ക് ചെയ്യുന്നതിനായി 0481–2373710 എന്ന ഫോൺ നമ്പർ വഴിയോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്. പിടക്കോഴിക്കുഞ്ഞുങ്ങൾ പൂവൻകുഞ്ഞുങ്ങൾ 25 രൂപ നിരക്കിലും 5 രൂപ നിരക്കിലും വിൽപ്പെടുന്നു.

3. കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ (ATIC) വർഗ്ഗ വിളകളായ സീതപ്പഴം, അരിനെല്ലി. അവക്കാഡോ, കദളിവാഴ കന്ന്, കശുമാവ് ഗ്രാഫ്റ്റ്, ചാമ്പ ലെയർ. നാരങ്ങ തൈകൾ. ഡ്രാഗൺ ഫ്രൂട്ട്, മുട്ടപ്പഴം, പേരയ്ക്കലെയർ, പേരയ്ക്ക തൈകൾ. പ്ലാവ് ഗ്രാഫ്റ്റ്, കിളിഞാവൽ, ലവിലവി തൈകൾ, മാവ് ഗ്രാഫ്റ്റ്, മാങ്കോ സ്റ്റീൻ തൈകൾ, മിറാക്കിൾ ഫ്രൂട്ട് കമ്പ്, ഞാവൽഗ്രാഫ്റ്റ്. ഞാവൽ തൈകൾ. ഓറഞ്ച് തൈകൾ. പനീർ ചാമ്പ, റെഡ് ലേഡി പപ്പായ തൈകൾ, പാഷൻ ഫ്രൂട്ട് തൈകൾ. പീനട്ട് ബട്ടർ ഫ്രൂട്ട് തൈകൾ, മാതളത്തൈകൾ, റംബൂട്ടാൻ തൈകൾ, സപ്പോട്ട ഗ്രാഫ്റ്റ്,സുറിനാം ചെറി, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, കരോണ്ട ചെറി എന്നിവയുടെ ലെയറുകൾ മുതലായവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487 – 2370540

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. പശുപരിപാലനം, ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുകയും സ്വയംതൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് National Livestock Mission (NLM). സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി - (EDP), ആട് , ചെമ്മരിയാട്, കോഴി, പന്നി എന്നിവയുടെ ഫാമുകൾ തുടങ്ങുന്നതിന് 50% സബ്സിഡിയിൽ പരമാവധി ₹50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ - പച്ച പുല്ല് കൃഷി, സൈലേജ് നിർമ്മാണം, തീറ്റപ്പുൽ വിത്ത് നിർമ്മാണം, എന്നിവക്കും, ബ്രീഡ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിൽ - ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ , ക്വാളിറ്റി ബ്രീഡ് ഡെവലപ്മെൻറ് ട്രെയിനിങ് പരിപാടി എന്നിവക്കും, സ്കിൽ ഡെവലപ്മെന്റ് & ട്രെയിനിങ് ,കർഷകർക്കുള്ള പരിശീലനം, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് പരിപാടി എന്നിവക്കും ധനസഹായം ലഭിക്കുന്നതാണ്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് , കേരള കന്നുകാലി വികസന ബോർഡ് എന്നിവ മുഖാന്തിരമാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) സഹിതം NLM ന്റെ ഒഫീഷ്യൽ സൈറ്റിൽ രജിസ്റ്റർ ചെയ്തതിനു ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ് വെബ് സൈറ്റ് https://nlm.udyamimitra.in

## പരിശീലന പരിപാടി

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.), റബ്ബറിനെ ബാധിക്കുന്ന ഇലരോഗങ്ങളുടെ നിയന്ത്രണത്തിനായി ഡ്രോണുപയോഗിച്ച് മരുന്നുതളി നടത്തുന്നതിനെക്കുറിച്ച് ഏപ്രിൽ 22-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238092175 എന്ന നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

## കാർഷിക നിർദേശം

6. ഇഞ്ചി, മഞ്ഞൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിത്തിനായി സൂക്ഷിച്ച വച്ചിരിക്കുന്ന ഇഞ്ചി, മഞ്ഞൾ എന്നിവയിൽ കേട്ടുള്ളവ തിരിഞ്ഞു മാറ്റണം. ഏപ്രിൽ മാസം അവസാനം, മെയ് മാസം ആരംഭത്തോ ടെ (കാർത്തിക ഞാറ്റുവേലയുടെ ഒന്നാം പാദം) ഇഞ്ചി നടാം. നട്ടുന്നതിന് മുൻപ് ഇഞ്ചി വിത്ത് വഴി രോഗമോ കീടമോ പകരാതിരിക്കാൻ ഒരു ലിറ്റർ വെള്ള ത്തിൽ രണ്ട് മില്ലി ക്വിനാൽഫോസ്, 3ഗ്രാം മാങ്കോസബ് എന്നീ മരുന്നുകൾ ലയിപ്പിച്ച അതിൽ വിത്തുകൾ അരമ ണിക്കൂർ മുക്കിയിടണം. അതിന് ശേഷം നിരത്തിയിട്ട് കാറ്റ് കൊണ്ട് ഉണങ്ങിയ ശേഷം നടാനായി ഉപയോഗിക്കാം.

7. ജാതി

നന തുടരാം. തടങ്ങളിൽ പരമാവധി കരിയിലകൾ നിക്ഷേപിക്കാം. കായ മൂപ്പെത്താതെ വിണ്ട് കീറി പോകുന്നുണ്ടെങ്കിൽ തടത്തിൽ ബോറാക്സ് 50 ഗ്രാം ചേർത്ത് നൽകാം. ചില്ലകൾ കരിയുക. ഇലകൾ കൊഴിയുക എന്നീ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ ഒരു ലിറ്റർ വെള്ളത്തിൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് എന്നിവ സ്പ്രേ ചെയ്ത് കൊടുക്കാം. കുമിൾ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രോഗം ബാധിച്ച ചില്ലകൾ മുറിച്ച് മാറ്റി കത്തിച്ച കളയാം. രോഗം ബാധിച്ച കൊഴിഞ്ഞു വീണ ഇലകൾ ഉത്ത് കൂട്ടി കത്തിച്ച കളയാം. ഇലകളിൽ പൊട്ടാസ്യം സൾഫേറ്റ് 5ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യാം. തുള്ളിനന സിസ്റ്റം സ്ഥാ പിക്കാൻ ആഗ്രഹിക്കുന്ന കർഷകർക്ക് PDMC പദ്ധതിയിൽ സബ്സിഡി ലഭ്യ മാണ്. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് വിശദ വിവരങ്ങൾ തേടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം